(ഡി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ 250 കമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നുണ്ട്. കമ്പനിയുടെ പേരു വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

നിരോധിത മരുന്നുകളുടെ വിൽപ്പന

102 (2311) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിത മരുന്നുകൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോ ;

(സി) നിരോധിച്ച മരുന്നുകളുടെ പട്ടിക വെളിപ്പെടുത്താമോ?

(ഡ) ഇത്തരം മരുന്നുകളുടെ വില്പന തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകൾ നിരോധിയ്ക്കുന്നതിനുള്ള പരമാധികാരം ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) യ്ക്കാണ്.

(സി) നിരോധിച്ച മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഒരു മരുന്ന് നിരോധിച്ചുകൊണ്ടുള്ള ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)യുടെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മാത്രയിൽത്തന്നെ പ്രസ്തുത മരുന്ന് വിപണിയിൽനിന്നും പിൻവലിക്കുന്നതിലേയ്ക്കായി ആയതിന്റെ വിശദാംശങ്ങൾ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ഫാർമസിസ്റ്റുകൾ തുടങ്ങി ആരോഗ്യ മേഖലയിലുള്ളവർക്ക് എസ്.എം.എസ് സന്ദേശം അയയ്ക്കാറുണ്ട്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്താറുണ്ട്. കൂടാതെ വകുപ്പിൻകീഴിലുള്ള എല്ലാ ഓഫീസുകളിലേക്കും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത മരുന്ന് വിപണിയിൽനിന്നും പിൻവലിച്ചതായി ഉറപ്പുവരുത്തുന്നതിലേയ്ക്കായും പ്രസ്തുത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ക്രോഡീകരിച്ച് നിരോധിത മരുന്നുകൾ എല്ലാം തന്നെ വിപണിയിൽനിന്നും ദൂരീകരിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly